പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ- 3387 21/12/2012-ലെ മറുപടിക്ക്

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ പ്രവർത്തന പുരോഗതി

ചോദ്യം:

ശ്രീ.എം.വി. ശ്രേയാംസ്കുമാർ

ഉത്തരം

ശ്രീ. കെ.പി. മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും

അച്ചടിയും സ്റ്റേഷനറിയുംവകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയാണ് വിലയിരുത്തുന്നത്. 2012 മാർച്ച് വരെ കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ചിട്ടുള്ള തുകയുടെ ആനുപാതികമായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി. |
| ബി)പ്രസ്തുത പദ്ധതിപ്രകാരം വയനാട് ജില്ലയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; . | (ബി)യും (സി)യും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) പ്രസ്തുത പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## (ബി) യും(സി) യും

i) നെല്ലുല്പാദന മേഖലകളിൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുളള പദ്ധതി:

ഈ പദ്ധതി പ്രകാരം നെല്ലിൻെറ ഉൽപാദനക്ഷമത 2500 കിലോഗ്രാമിൽ നിന്നും 3000 കിലോഗ്രാമായി ഉയർത്തുന്നതിന് ഉൽപ്പാദനോപാധികൾക്കുളള ധനസഹായമായി ഹെക്ടറിന് 3000/ രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വയനാട് ജില്ലയിൽ ഈ പദ്ധതി പ്രകാരം 4000 ഹെക്ടറിൽ നെൽകൃഷി ചെയ്തിട്ടുണ്ട്. ഇതിനായി 80.01 ലക്ഷം രൂപ നൽകിയിരുന്നു.

ii) കരാറടിസ്ഥാനത്തിൽ തരിശുഭൂമിയിൽ കൃഷി ചെയ്യുന്ന പദ്ധതി:

തരിശുഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി കരാറടിസ്ഥാനത്തിൽ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് ഭൂവുടമയ്ക്കും കർഷകനും ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഭൂവുടമയ്ക്ക് ഹെക്ടറിന് 5000/- രൂപയും കർഷകന് വിളയനുസരിച്ച് 20,000/ രൂപ മുതൽ 30,000/ രൂപ വരെ ധനസഹായമായി നൽകുന്നു. നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവയാണ് കൃഷി ചെയ്യുന്നത്. വയനാട് ജില്ലയിൽ 150 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനായി 45.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ 2011-12-ൽ അംഗീകരിച്ച പദ്ധതിയായ നെല്ലിൻെറ ഡ്രൈയിംഗ് യാർഡ് കം സീഡ് ഗോഡൗണിൻെറ നിർമ്മാണത്തിനായി 59.71 ലക്ഷം രൂപ വയനാട് ജില്ലയ്ക്ക് അനുവദിച്ചിരുന്നു.

(signature)
സെക്ഷൻ ഓഫീസർ